## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

വിദ്യാർത്ഥികളുടെ ആവശ്യാനുസരണം നിശ്ചിത തുക ഈടാക്കി ഗ്രേഡ് കാർഡ് അനുവദിക്കുന്നത് സംബന്ധിച്ച് – അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പരീക്ഷ വിഭാഗം ഇഎ II സെക്ഷൻ

നം.344./ഇഎ II /2/309/2017/പരീക്ഷ വിഭാഗം        തീയതി, പ്രിയദർശിനി ഹിൽസ്, 2 മെയ്, 2017.

---

പരാമർശം : 1. ഗ്രേഡ് കാർഡ് ലഭ്യമാക്കുന്നതിലേക്ക് അൽഫോൻസാ കോളേജ് പ്രിൻസിപ്പാൾ മുഖേന 02.02.2017, 06.02.2017, 08.02.2017 തീയതികളിൽ ലഭിച്ച അപേക്ഷകൾ

2. സി.ബി.സി.എസ്.എസ് II /Miu/2017 നം കുറിപ്പ്

### ഉത്തരവ്

പാലാ അൽഫോൻസാ കോളേജിലെ ഏതാനും വിദ്യാർത്ഥിനികൾക്ക് മിനിസ്ട്രി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും താൽക്കാലികമായി ഇൻസ്പയർ സ്കോളർഷിപ്പിനുള്ള വാഗ്ദാനം ലഭിച്ചിരിക്കുന്നതിനാൽ പ്രസ്തുത വിദ്യാർത്ഥികൾ മേൽ ഓഫീസിൽ സമർപ്പിക്കുന്നതിനായി ഗ്രേഡ് കാർഡിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് വിദ്യാർത്ഥിനികൾക്ക് അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ പല ആവശ്യങ്ങൾക്കായി ഒന്നു മുതൽ അഞ്ചു വരെയുള്ള സെമസ്റ്റർ പരീക്ഷകളുടെ പ്രത്യേക ഗ്രേഡ് കാർഡുകൾ ലഭ്യമാക്കുന്നതിനായി അപേക്ഷകൾ ലഭിക്കുന്നതിനാൽ സർവ്വകലാശാലക്ക് അധിക ജോലി ഭാരവും സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നുവെന്നും ആയതിനാൽ ഗ്രേഡ് കാർഡ് ഒന്നിനു ₹500/- (അഞ്ഞൂറു രൂപ മാത്രം) വാങ്ങികൊണ്ട് ആവശ്യമുള്ള സെമസ്റ്ററുകളുടെ ഓരോ ഗ്രേഡ് കാർഡ് വീതം നല്കുന്നതിനു പരാമർശം (2) പ്രകാരം നിർദ്ദേശം വയ്ക്കുകയുണ്ടായി.

മേൽ സാഹചര്യം പരിഗണിച്ച് ഗ്രേഡ് കാർഡ് ഒന്നിനു ₹500/- (അഞ്ഞൂറു രൂപ മാത്രം) ഫീസ് ഈടാക്കികൊണ്ട് ആവശ്യമുള്ള സെമസ്റ്ററുകളുടെ ഓരോ ഗ്രേഡ് കാർഡ് വീതം നൽകുവാൻ 1985ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലെ 3.10.(17) വകുപ്പു പ്രകാരം വൈസ് ചാൻസിലർ അംഗീകാരം നൽകി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സുരേഷ്കുമാർ.കെ.ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)
പരീക്ഷാ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ്ചാൻസിലർ/പ്രോ.വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. സി.ഇ. സെക്ഷൻ/ എ.സി.സി സെക്ഷൻ/ എൻക്വയറി സെക്ഷൻ
4. എല്ലാ സി.ബി.സി.എസ്.എസ് സെക്ഷനുകളിലേക്കും
5. ജെ.ആർ I /ഡി.ആർ IV/എ.ആർI/V/XIV/XIX/XV/XI(പരീക്ഷ)/പി.ആർ.ഒ
6. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ജെ.ഡി. കെ.എസ്.എ/ ഫ്രണ്ട് ഓഫീസ്/ എ.സി.എ.I സെക്ഷൻ
7. സി.ബി.സി.എസ്.എസ് II സെക്ഷൻ ഫയൽ സഹിതം/ജനറൽ ക്യാഷ് II/III/V സെക്ഷൻ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ